## പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3607** **20.06.2018-ൽ മറുപടിക്ക്**

<u>കാൻസർ രോഗ സാദ്ധ്യതകൾക്ക് എതിരെ ബോധവത്കരണം</u>

| **ചോദ്യം** | **മറുപടി** |
|---|---|
| **ശ്രീ.കെ.ബി.ഗണേഷ് കുമാർ** | **കെ.കെ. ശൈലജ ടീച്ചർ** (ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കാൻസർ രോഗ സാദ്ധ്യതകൾക്ക് എതിരെയുള്ള ബോധവത്കരണത്തിനായി നിലവിൽ നടപ്പിലാക്കി വരുന്ന പരിപാടികൾ എന്തൊക്കെയെന്ന് വിശദീകരിക്കുമോ; | (എ) | ക്യാൻസർ രോഗത്തെക്കുറിച്ചുള്ള അറിവും അവബോധവും വരും തലമുറയ്ക്ക് പകർന്നു കൊടുക്കുന്നതുവഴി ഈ രോഗത്തിന്റെ വ്യാപനം തടയുക എന്നതാണ് ആരോഗ്യവകുപ്പിന്റെ പ്രധാന ലക്ഷ്യങ്ങളിലൊന്ന്. അനാരോഗ്യകരമായ ഭക്ഷണരീതി, വ്യായാമമില്ലായ്മ, പുകവലി, മദ്യപാനം തുടങ്ങിയ ദു:ശ്ശീലങ്ങളോടുള്ള ആസക്തി എന്നിവ ക്യാൻസർ രോഗത്തിലേക്ക് നയിക്കാൻ ഇടയുണ്ട് എന്ന ബോദ്ധ്യത്തിന്റെ അടിസ്ഥാനത്തിൽ സ്കൂൾ/കോളേജ് തലത്തിലുള്ള വിദ്യാർത്ഥികൾ മുതൽ എല്ലാ തലത്തിലുമുള്ളവർക്ക് ബോധവൽക്കരണ ക്ലാസ്സുകളും, എക്സിബിഷനുകളും, അർബുദം മുൻകൂട്ടി കണ്ടുപിടിക്കുന്നതിനുള്ള ക്യാമ്പുകളും (Early Detection Camp) ആരോഗ്യ വകുപ്പും, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പും, റീജിയണൽ ക്യാൻസർ സെന്ററും, മലബാർ ക്യാൻസർ സെന്ററും, കൊച്ചിൻ ക്യാൻസർ റിസർച്ച് സെന്ററും നടത്തിവരുന്നു. വിവിധ സന്നദ്ധ സംഘടനകളും തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുമായി സഹകരിച്ചാണ് ഇത് പ്രാവർത്തികമാക്കുന്നത്.<br><br>സംസ്ഥാന ആരോഗ്യവകുപ്പ് നടപ്പിലാക്കി വരുന്ന ക്യാൻസർ കെയർ പദ്ധതിയിലൂടെയും ജീവിതശൈലീ രോഗനിയന്ത്രണ പദ്ധതിയുടെയും ഭാഗമായി എല്ലാ സാമ്പത്തികവർഷവും ക്യാൻസർ ബോധവൽക്കരണത്തിനായുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.<br><br>കോഴിക്കോട് മെഡിക്കൽ കോളേജിൽ ജീവതാളം പദ്ധതിയുടെ ഭാഗമായി മലബാർ ക്യാൻസർ കെയർ സൊസൈറ്റി, ജില്ലാ പഞ്ചായത്ത് എന്നിവയുമായി സഹകരിച്ച് ഗ്രാമ പഞ്ചായത്തുകളിൽ ക്ലാസ്സുകളും രോഗ നിർണ്ണയ ക്യാമ്പുകളും സംഘടിപ്പിക്കുന്നുണ്ട്. മലബാർ ക്യാൻസർ സെന്ററിന്റെ നേതൃത്വത്തിൽ വോളണ്ടിയർ ട്രെയിനിംഗ് ക്യാമ്പും, നാഷണൽ സർവ്വീസ് സ്കീമുമായി സഹകരിച്ചുകൊണ്ട് "Aware and Awake" എന്ന ഓൺലൈൻ ബോധവൽക്കരണ പരിപാടി വി- |

| | | | |
|---|---|---|---|
| | | | ഗാർഡിന്റെ സഹായത്തോടെയും നടപ്പിലാക്കി വരുന്നു.<br><br>കോട്ടയം മെഡിക്കൽ കോളേജ് റേഡിയോതെറാപ്പി വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ പി.എച്ച്.സി., സി.എച്ച്.സി., താലൂക്ക് ആശുപത്രികളുമായി ബന്ധപ്പെട്ട് ക്യാൻസർ ബോധവൽക്കരണ ക്ലാസ്സുകളും, ക്യാൻസർ നിർണ്ണയ ക്യാമ്പുകളും നടത്തിവരുന്നു.<br><br>റീജിയണൽ ക്യാൻസർ സെന്ററിൽ ആരോഗ്യ പ്രവർത്തകർക്കും സന്നദ്ധ സംഘാടകർക്കുമുള്ള പരിശീലനം (Training of Trainers Programme) നൽകുന്നതുവഴി സമൂഹത്തിൽ അർബുദത്തെക്കുറിച്ചുള്ള സന്ദേശങ്ങൾ എത്തിക്കുവാൻ സാധിക്കുന്നു. |
| (ബി) | അടിസ്ഥാന തലം മുതൽ ഈ മാരകവിപത്തിന് എതിരെയുള്ള ബോധവത്കരണം ശക്തിപ്പെടുത്തുന്നതിനായി രോഗപ്രതിരോധമാർഗ്ഗങ്ങളും ചികിത്സാരീതികളും പാഠപുസ്തകങ്ങളിൽ ഉൾപ്പെടുത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ? | (ബി) | വിവിധ വിഷയങ്ങളിലെ പാഠപുസ്തകങ്ങളിൽ ഉചിതമായ മേഖലകളിൽ ജീവിതശൈലീ രോഗങ്ങളെ കുറിച്ചും ക്യാൻസർ മുതലായ രോഗങ്ങളുടെ വ്യാപനം തടയുന്നതിനുമുള്ള വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ഹൈസ്കൂൾ ജീവശാസ്ത്രം പാഠപുസ്തകത്തിൽ ജനിതകരോഗം എന്ന വിഭാഗത്തിൽ ക്യാൻസറിന് പ്രാധാന്യം നൽകി പ്രതിപാദിച്ചിട്ടുണ്ട്. കൂടാതെ ജീവിതശൈലീ രോഗങ്ങളും പ്രതിവിധിയും എന്ന വിഷയത്തെ അധികരിച്ച് 'നല്ലശീലങ്ങൾ നല്ലനാളേയ്ക്ക്' എന്ന പേരിൽ സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (എസ്.സി.ഇ.ആർ.ടി) ഒരു റഫറൻസ് പുസ്തകവും സ്കൂൾ വിദ്യാർത്ഥികൾക്കായി തയ്യാറാക്കിയിട്ടുമുണ്ട്.<br><br>പത്താംക്ലാസ്സിലെ പാഠപുസ്തകത്തിൽ 'അകറ്റി നിർത്താം രോഗങ്ങളെ' എന്ന പാഠ്യഭാഗത്തും 'പ്രതിരോധത്തിന്റെ കാവലാളുകൾ' എന്ന പാഠ്യഭാഗത്തും ക്യാൻസറിനെക്കുറിച്ച് പ്രതിപാദിച്ചിട്ടുണ്ട്. പ്രക്രിയാധിഷ്ഠിത പാഠ്യപദ്ധതി ആയതിനാൽ ജീവിത ശൈലീരോഗങ്ങളെ സംബന്ധിച്ചും ദുശ്ശീലങ്ങളുമായി ബന്ധപ്പെട്ട കാര്യങ്ങളെ സംബന്ധിച്ചും VII മുതൽ IX വരെ ക്ലാസ്സുകളിലെ പാഠ്യഭാഗങ്ങളിൽ ക്യാൻസർ രോഗത്തെക്കുറിച്ചും പൊതുവെ പരാമർശിച്ചിട്ടുണ്ട്. |

Bdn

സെക്ഷൻ ഓഫീസർ